**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1223** **11.06.2019 ൽ മറുപടിക്ക്**

**കൊല്ലം-തേനി ദേശീയപാതയുടെ മാവേലിക്കര ഭാഗത്തെ നവീകരണം**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം-തേനി ദേശീയപാതയുടെ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കൊല്ലം -തേനി ദേശീയ പാതയുടെ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഭാഗങ്ങളുടെ നവീകരണത്തിനായി "Strengthening and Geometric Improvements from Km 50/300 to 51/800 and from 53/500 to 62/100 of NH 183 (Old NH 220) in the kerala under Annual plan 2017-18" എന്ന പ്രവൃത്തിക്ക് 15.72 കോടി രൂപയുടെ MoRTH ന്റെ അംഗീകാരം ലഭിച്ചതിന്റെ ടെണ്ടർ ഇവാല്യുവേഷൻ നടപടികൾ പൂർത്തീകരിച്ച് അവാർഡ് സ്റ്റേജിലാണ് |
| (ബി) പ്രസ്തുത ഭാഗങ്ങളിൽ ഉൾപ്പെടുന്ന താമരക്കുളം, ചാരുംമൂട്, ചുനക്കര, മാങ്കാംകുഴി, കൊച്ചാല്യംമൂട്, കൊല്ലുകടവ് പാലത്തിന്റെ തെക്ക് ഭാഗം എന്നീ ജംഗ്ഷനുകളുടെ നവീകരണത്തിനാവശ്യമായ സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ്, ഡിവൈഡറുകൾ, സിഗ്നൽ ലൈറ്റുകൾ, സ്റ്റഡ്സ് എന്നിവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(സി) പ്രസ്തുത ജംഗ്ഷനുകളുടെ നവീകരണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിക്കാമോ; | (ബി) & (സി) ചുനക്കര, മാങ്കാംകുഴി, കൊച്ചാല്യംമൂട്, കൊല്ലുകടവ് പാലത്തിന്റെ തെക്ക് ഭാഗം എന്നീ സ്ഥലങ്ങളിൽ നവീകരണത്തിനാവശ്യമായ Traffic Safetty Measures "Strengthening and Geometric Improvements from Km 50/300 to 51/800 and from 53/500 to 62/100 of NH 183 (Old NH 220) in the kerala under Annual plan 2017-18" പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താമരക്കുളം, ചാരുംമൂട് എന്നീ സ്ഥലങ്ങളിലെ നവീകരണത്തിനാവശ്യമായ Traffic Safetty Measures "Strengthening and Geometric Improvements from Kadapuzha (Km 23/500) to Kallakadavu (Km 53/500) excluding from Km 50/300 to 51/800 of NH183" എന്ന പ്രവൃത്തിയിൽ ഉൾപ്പടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 65.10 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിനായി കേന്ദ്ര ഉപരിതലഗതാഗത ഹൈവേ മന്ത്രാലയത്തിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുമോ; വിശദമാക്കുമോ? | (ഡി) അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അവാർഡ് ചെയ്ത് പ്രവൃത്തികൾ തുടങ്ങുന്നതായിരിക്കും |

**സെക്ഷൻ ഓഫീസർ**